**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5368** **12-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി കോളനികളിലെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ ഇനിയും വൈദ്യുതീകരണം പൂർത്തിയാക്കാത്ത എത്ര ആദിവാസി കോളനികൾ ഉണ്ടെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ തലവച്ചപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയം പെട്ടി, കോട്ടകുത്ത്, പെരുവാര, ഞണ്ടുകുളം എന്നീ 8 ആദിവാസി കോളനികളുടെ വൈദ്യുതീകരണം നടത്തിയിട്ടില്ല. |
| (ബി) | ആദിവാസി കോളനികളിൽ വൈദ്യുതീകരണം എത്താത്തതിനാൽ കുട്ടികളുടെ ഓൺലൈൻ പഠനമടക്കം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ,ഇനിയും വൈദ്യുതി എത്താത്ത കോളനികളിൽ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളതു KSEBL കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്ന തിനായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കോതമംഗലം മണ്ഡലത്തിലെ മേൽപ്പറഞ്ഞ 8 കോളനികളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ ഗോത്രവർഗ്ഗഊരുകൾ വനാന്തർഭാഗത്തു സ്ഥിതി ചെയ്യുന്ന വിദൂരകോളനികളായതിനാൽ, ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിനു വനത്തിൽ കൂടി ലൈൻ വലിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും കണക്കിലെടുത്തു വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന/ ജില്ലാ തല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവികസന വകുപ്പിൽ നിന്നും വൈദ്യുതീ കരണത്തിനു ആവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഗ്രിഡ് |

വൈദ്യുതി എത്തിയ്ക്കാൻ കഴിയുന്ന കോളനി കളുടെ വൈദ്യുതീകരണം KSEBL നടപ്പിലാക്കു ന്നതാണ്. ഈ കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു. ലൊക്കേഷൻ 1 - കല്ലേലിമേട്,തലവച്ചപാറ, കുഞ്ചിപ്പാറ തലവച്ചപാറ, കുഞ്ചിപ്പാറ എന്നിവ ട്രൈബൽ കോളനികളും കല്ലേലിമേട് ട്രൈബൽ കോളനിയല്ലാത്ത പ്രദേശവുമാണ്.ലൈൻ വലിച്ച വൈദ്യുതീകരിക്കുകയാണെങ്കിൽ നിലവിൽ കുട്ടമ്പുഴയിലെ ബ്ലാവന കടത്തിന് തെക്കുവശമുള്ള മെയിൻ റോഡിൽ 11 കെ.വി. ലൈൻ ഉണ്ട്. ബ്ലാവനകടത്ത് കടന്ന് (OH) പിന്നീട് കോൺക്രീറ്റ് റോഡിന് വശത്തു വനത്തിലൂടെ 5.5 കി.മി. കേബിൾ ഇട്ടാൽ കല്ലേലിമേട് എത്താം. അവിടെ ഒരു 100 kVA ട്രാൻസ്ഫോർമറും 6 കി.മീ. LT ലൈനും വലിച്ചാൽ ജനറൽ വിഭാഗത്തിലുള്ള 115 വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട് നിന്ന് പടിഞ്ഞാറേക്ക് 4 കി.മീ. UG കേബിൾ വലിച്ചാൽ തലവച്ചപാറ ട്രൈബൽ കോളനിയിൽ വൈദ്യുതി എത്തിക്കാം. 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ച് 70 പട്ടിക വർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട് നിന്നും കിഴക്കോട്ട് 3.5കി.മീ. UG കേബിൾ ഇട്ടാൽ 4 കി.മീ. LT ലൈനും 100 kVA ട്രാൻസ്ഫോർമറും നിർമ്മിച്ച് കുഞ്ചിപ്പാറ ട്രൈബൽ കോളനിയിൽ 95 പട്ടിക വർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. ടി മൂന്ന് പ്രവൃത്തികൾക്കും കൂടി 4.06 കോടിയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടെങ്കിലും ഭരണാനുമതി ആയിട്ടില്ല. മൂന്ന് പ്രവൃത്തികൾക്കും കൂടിയുള്ള എസ്റ്റിമേറ്റ് തുക 4.06 കോടി രൂപയാണെങ്കിലും ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകമായും എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ഡെപ്പോസിറ്റ് വർക്കിനത്തിൽ KSEBLനു ലഭ്യമാക്കേണ്ടുന്നതി നോടൊപ്പം ലൈൻ വനത്തിലൂടെ വലിച്ചു ടി പ്രദേശങ്ങളുടെ വൈദ്യുതീ കരണം പൂർത്തീകരി ക്കുന്നതിന് വനംവകുപ്പിന്റെ അനുമതി കൂടി ആവശ്യമുണ്ട്. കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെടുന്ന കോളനി ആയതുകൊണ്ട് വനാവകാശ നിയമത്തിൽ പ്പെടാത്തതിനാൽ Forest sanctionനു വേണ്ടി മൂന്നും കൂടി ഒന്നായി കണക്കാക്കി Forest portal ൽ അപേക്ഷ നൽകിയത് നിരസിച്ചിരുന്നു. അതിനാൽ Ministry of Environment, Forests and Climate Change, Government of India പോർട്ടലിൽ വീണ്ടും അപേക്ഷ നൽകിയിട്ടുണ്ട്. ലൊക്കേഷൻ 2– തേര, വാരിയം ട്രൈബൽ കോളനികൾ ലൊക്കേഷൻ 1 ലെ

| | | | |
|---|---|---|---|
| | | | കല്ലേലിമേട് പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ മാത്രമേ ലോക്കേഷൻ 2 ലെ പ്രവൃത്തികൾ ചെയ്യാൻ സാധിക്കു. കല്ലേലിമേട് നിന്നും 12 കി.മീ. UG കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ചാൽ മാത്രമേ തേര ട്രൈബൽ കോളനിയിലെ 26 വീട്ടുകൾക്ക് വൈദ്യുതി നല്കാൻ സാധിക്കു . ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 3.7 കോടി രൂപയാണ് . കുഞ്ചിപ്പാറ നിന്നും 14 കി.മീ. 11 കെ.വി. കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ചാൽ മാത്രമേ വാരിയം ട്രൈബൽ കോളനി യിലെ 75 പട്ടികവർഗ്ഗ വീട്ടുകൾക്ക് വൈദ്യുതി നല്കാൻ സാധിക്കു. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 4.3 കോടി രൂപയാണ് . ലൊക്കേഷൻ 3 – ഉറിയംപെട്ടി ട്രൈബൽ കോളനി മണികണ്ഠൻചാലിൽ നിലവിൽ 11 കെ.വി. ലൈൻ ഉണ്ട്.അവിടെ നിന്നും 24 കി.മീ. UG കേബിൾ വനത്തിലൂടെ വലിച്ച് 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും സ്ഥാപിച്ചാൽ 75 പട്ടികവർഗ്ഗ വീട്ടുകൾക്ക് വൈദ്യുതി നല്കാൻ സാധിക്കും. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 7.4 കോടി രൂപയാണ്. ദുർഘട പ്രദേശങ്ങളാകയാൽ തേര, വാരിയം, ഉറിയംപെട്ടി, കോട്ടകുത്ത്, പെരുവാര, ഞണ്ടുകുളം എന്നീ കോളനികളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് അഭികാമ്യമെന്നാണ് പട്ടികവർഗവികസന വകുപ്പിനോട് നിർദേശിച്ചിരിക്കുന്നത് |

സെക്ഷൻ ഓഫീസർ